**NEW AL WUROOD INTERNATIONAL SCHOOL, JEDDAH, K.S.A**

**Affiliated to CBSE – New Delhi, Affiliation No. 5730008**

**FIRST TERM EXAMINATION-June 2022-23**

**WORKSHEET 1**

**GRADE: 9**

**SUBJECT: Malayalam**

---

# അംഗവാക്യം അംഗിവാക്യം

## വാക്യം

1. പൂർണമായ ഒരു അർത്ഥത്തെ പ്രതിപാദിക്കുന്ന പദസമൂഹത്തിനു വാക്യം എന്ന് പറയുന്നു.

പൂച്ച എലിയെ പിടിച്ചു.

ഇന്നലെ മഴ പെയ്തു .

വാക്യങ്ങളെ അംഗവാക്യമെന്നും അംഗിവാക്യമെന്നും രണ്ടായി തിരിക്കാം .

## അംഗിവാക്യം

പൂർണമായി അർഥം നല്കാൻ കഴിയുന്ന വാക്യത്തെ അംഗിവാക്യം എന്ന് പറയുന്നു. അംഗിവാക്യത്തിൽ കർത്താവും , ക്രിയയും . ചിലപ്പോൾ കർമ്മവും ഉണ്ടായിരിക്കും.

ഗോപി സിനിമ കണ്ടു.

താഴെ നിന്ന് വെള്ളച്ചാട്ടം കണ്ടു .

## അംഗവാക്യം

അപ്രധാന വാക്യത്തെ അംഗവാക്യം എന്ന് പറയുന്നു. അംഗവാക്യത്തിന് മറ്റൊരു വാക്യത്തെ ആശ്രയിക്കാതെ നില്ക്കാൻ കഴിയുകയില്ല.

ഇന്നലെ രാമുവിൻറെ വീട്ടിൽ ചെന്നപ്പോൾ .

വെള്ളച്ചാട്ടം അതിൻറെ അമ്പരിപ്പിക്കുന്ന അഴകുകൊണ്ട്

അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക .

1. അതേ സമയം അതിൽ നിന്ന് കണ്ണ് പറിക്കാൻ അത് നമ്മെ അനുവദിക്കുകയില്ല .
2. കൃഷ്ണശിലകളിലേക്കു നോക്കി നിൽക്കുമ്പോൾ എന്നെ ഭയാനകമായ എന്തോ ഒന്ന് പിടിച്ചു കിലുക്കി.
3. സൂര്യനസ്തമിച്ചു കഴിഞ്ഞാൽ നക്ഷത്രക്കൂട്ടങ്ങളെകൊണ്ട് ഈശ്വരൻ തൽക്കാലത്തേക്ക് ഇരുട്ട് അകറ്റുന്നു .
4. ദുഃഖമനുഭവിക്കുന്നവർക്കു ആശ്വാസം പകരണമെന്നാണ് കവി നമുക്ക് നൽകുന്ന സന്ദേശം .

## കർത്തരി പ്രയോഗം

കർത്താവിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രയോഗത്തിന് കർത്തരി പ്രയോഗം എന്നു പറയുന്നു.

1. ഞാൻ മീനുകളെ കണ്ടു.
2. ഉള്ളൂർ വിശ്വം ദീപമയം എന്ന കവിത രചിച്ചു.

## കർമ്മണി പ്രയോഗം

കർമ്മത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വാക്യത്തിന് കർമ്മണി പ്രയോഗം എന്നു പറയുന്നു.

1. തണൽ ജീവജാലങ്ങൾക്ക് വൃക്ഷങ്ങളാൽ നൽകപ്പെടുന്നു
2. മിന്നാമിനുങ്ങിനാൽ സ്വയം പ്രകാശിപ്പിക്കപ്പെടുന്നു .
3. ആത്മ വിശ്വാസത്താൽ ജീവിതം പ്രകാശപൂരിതമാക്കപ്പെടുന്നു

## പ്രയോഗം മാറ്റുക

1 വിക്ടോറിയ വെള്ളച്ചാട്ടം കണ്ട അനുഭവം പൊറ്റെക്കാട്ട് വിവരിക്കുന്നു.

2. വാഷിങ്ടൻ എന്നോട് പറഞ്ഞു.

3. ഉഡുപംക്തികൾ ഇരുട്ടിനെ അകറ്റുന്നു.

4. പ്രകൃതി ഭംഗി അന്തർമുഖരെ ധ്യാനത്തിലേക്കു നയിക്കുന്നു

## വിധി വാക്യത്തെ അർത്ഥവ്യത്യാസം കൂടാതെ നിഷേധ വാക്യമാക്കുക .

1. കൊച്ചു കാലടികൾ തണലിൽ പതിഞ്ഞു .

2. ഉരുളൻ കല്ലുകൾക്ക് ചിറകു വന്നു .

3. തേന്മാവിന്റെ പ്രാർത്ഥന ഈശ്വരനോടായിരുന്നു.

4. ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗന സഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളൂ.

******************************